കൊച്ചി, കോഴിക്കോട് നഗരങ്ങളിലും നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലുമുള്ള മുനിസിപ്പാലിറ്റികളിലുമാണ് ഈ പരിപാടി നടത്താൻ ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ പഴയ വീടുകൾ റിപ്പയർ ചെയ്യാനും കേടുപാട് വന്ന വീടുകളിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള പരിപാടിയുണ്ട്. ആ പദ്ധതി എത്രയും വേഗം നടപ്പാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

തേവര പാലത്തിന് സമാന്തരമായി പുതിയൊരു പാലത്തിന്റെ ആവശ്യകത

(ശ്രീ. കെ. എം. ഹംസക്കുഞ്ഞ് 24-9-1986-ൽ ഉന്നയിച്ച സബ്മിഷനുള്ള മറുപടി)

ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർകുട്ടിനഹ): സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇവിടെ പറഞ്ഞു വെല്ലിംഗ്ടൺ ഐലന്റിനേയും മട്ടാഞ്ചേരിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന നിലവിലുള്ള പാലം കാലപഴക്കംകൊണ്ട് ഗതാഗതത്തിന് ബുദ്ധിമുട്ട് ഉണ്ടെന്ന്. ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയ്ക്ക് വിധേയമായിട്ടുണ്ട്. 21-8-1984-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഇതുസംബന്ധിച്ച് എറണാകുളത്തുവച്ച് ചർച്ച നടത്തി. പാലം പുതുതായി നിർമ്മിക്കണമെങ്കിൽ ആറുകോടിയോളം രൂപ വേണ്ടിവരും. സാമ്പത്തികവും സാങ്കേതികവുമായ വശങ്ങളെ സംബന്ധിച്ച് ആലോചിച്ച് ശരിയായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ്ങ് ആൻഡ് റിസർച്ച് സെന്ററെ ചുമതലപ്പെടുത്തുകയുണ്ടായി. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ട് കിട്ടികഴിഞ്ഞാൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

പുനലൂർ—വെട്ടിപ്പുഴപാലം

(ശ്രീ. വി. സുരേന്ദ്രൻപിള്ള 24-9-1986-ൽ ഉന്നയിച്ച സബ്മിഷനുള്ള മറുപടി)

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): ബഹുമാനപ്പെട്ട മെമ്പർ സുരേന്ദ്രൻപിള്ള അദ്ദേഹത്തിന്റെ നിയോജക 11 a.m.] മണ്ഡലത്തിലെ റോഡിനെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. വെട്ടിപ്പുഴപാലം പണിയുന്നതിനുവേണ്ടി 9.5 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് 4-2-1978-ൽ ഭരണാനുമതി നൽകി. 1978-ൽ തന്നെ കരാർ കൊടുക്കുകയും ചെയ്തു. നിലവിലുള്ള പാലം പൊളിച്ച് പുതിയ പാലം പണിയുന്നതിനാണ് ഉദ്ദേശം. പാലം പണിയുന്ന ഘട്ടത്തിൽ ഗതാഗതം ആയൂർ—പുനലൂർ റോഡിനെയും പുനലൂർ—കൊട്ടാരക്കര റോഡിനെയും ബന്ധിപ്പിക്കുന്ന സൈഡ് റോഡിൽകൂടി തിരിച്ചുവിടാനാണ് തീരുമാനിച്ചത്. അവിടെ മരാമത്തിന്റെ കീഴിലുള്ള റോഡ് നന്നാക്കുകയും ചെയ്തു. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ബാക്കി ഭാഗം നന്നാക്കുന്നതിന് മുനിസിപ്പാലിറ്റി തയ്യാറായിട്ടില്ല. ആകയാൽ ഗതാഗതം തിരിച്ചുവിട്ട് പാലം പണിയാൻ പ്രയാസമായി വന്നു. ഇതോടൊപ്പംതന്നെ പുതിയ പാലത്തിന്റെ അലൈൻമെന്റിനെ സംബന്ധിച്ച് സ്ഥലത്തെ ആക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly